**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1606** **08.06.2018- ൽ മറുപടിയ്ക്ക്**

**നെൽവയൽ നികത്തുന്നതിന് വേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ നടപടി**

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| (എ) പൊതു ആവശ്യങ്ങൾക്കായി നെൽ വയൽ നികത്തുന്നതിന് വേണ്ടി സർക്കാരിന് സമർപ്പിക്കുന്ന അപേക്ഷകളിൽമേൽ കൃഷിവകുപ്പ് പരിശോധനയ്ക്കായി നിയമിക്കുന്ന ഉദ്യോഗസ്ഥർ നിരുത്തരവാദ പരമായ റിപ്പോർട്ടുകളാണ് സമർപ്പിക്കുന്നതെന്ന കാര്യം പരിശോധിക്കുമോ; | (എ) | പൊതു ആവശ്യങ്ങൾക്കായി നെൽ വയൽ നികത്തുന്നതിന് വേണ്ടി സംസ്ഥാനതല സമിതി മുമ്പാകെ സമർപ്പിക്കുന്ന അപേക്ഷകളിൽ സ്ഥല പരിശോധന ആവശ്യമെന്ന് ബോധ്യ പ്പെടുന്ന അപേക്ഷകളിൽ സമിതി യിലെ വിദഗ്ധ അംഗങ്ങൾ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാറുണ്ട്. അപ്രകാരം ലഭിച്ച റിപ്പോർട്ടുകൾ വസ്തുതാപരമാണ്. |
| (ബി) പ്രദേശത്തിന്റെ സാഹചര്യമോ, അവസ്ഥയോ പഠിക്കാതെ നില വിൽ കൃഷിയോഗ്യമല്ലാത്ത സ്ഥല ങ്ങളിൽ റോഡ്, ആശുപത്രികൾ എന്നിവയുടെ നിർമ്മാണത്തിനായി സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിക്കാതെ നിരസിക്കുന്ന കാര്യം പരിശോധിക്കുമോ; | (ബി) | സംസ്ഥാനതല സമിതിയിലേക്ക് ലഭ്യമാകുന്ന ഓരോ അപേക്ഷയും വിശദമായി പരിശോധിച്ച് പ്രസ്തുത സ്ഥലം പരിവർത്തനപ്പെടുത്തിയാലു ണ്ടാകുന്ന പാരിസ്ഥിതിക ആഘാതം കൂടി കണക്കിലെടുത്ത ശേഷമാണ് സമിതി റിപ്പോർട്ടു സമർപ്പിക്കുന്നത്. |
| (സി) ഇതിനായി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ കൃത്യമായി പരിശോധിക്കാത്ത സാഹചര്യ ത്തിൽ അവരെ ആ ചുമതലയിൽ നിന്ന് മാറ്റുവാൻ നടപടി സ്വീകരിക്കുമോ; | (സി) | ബാധകമല്ല. |

| | | | |
|---|---|---|---|
| (ഡി) | യോഗ്യതയുടെ അടിസ്ഥാനത്തിൽ കൃഷിവകുപ്പിലെ ഉദ്യോഗസ്ഥരെ പരിശോധനയ്ക്ക് അയയ്ക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | ബാധകമല്ല. |
| (ഇ) | ഇരിമ്പിളിയം പഞ്ചായത്തിലെ തിരുനെലം-വേണ്ടല്ലൂർ റോഡിനും കോട്ടക്കൽ സഹകരണ ആശുപത്രിക്കും അനുമതി ലഭ്യമാക്കണമെന്ന അപേക്ഷ പരിശോധിച്ച് നടപടി സ്വീകരിക്കുമോ; | (ഇ) & (എഫ്) | ഇരിമ്പിളിയം പഞ്ചായത്തിലെ തിരുനെലം-വേണ്ടല്ലൂർ റോഡിനു വേണ്ടി പരിവർത്തനപ്പെടുത്താൻ സമർപ്പിച്ച അപേക്ഷ സംസ്ഥാനതല സമിതി വിശദമായി പരിശോധിക്കുകയും സമിതിയിലെ വിദഗ്ധ സമിതി അംഗം സ്ഥലം പരിശോധിച്ച് റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൽ സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. കോട്ടയ്ക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി നിർമ്മിക്കുന്നതിന് നിലം പരിവർത്തനപ്പെടുത്താൻ സമർപ്പിച്ച അപേക്ഷ സംസ്ഥാനതല സമിതിയിലെ വിദഗ്ധ അംഗം സ്ഥലം പരിശോധിച്ച് സമിതി സമർപ്പിച്ച റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും ആയത് നിരസിച്ചുകൊണ്ട് 14/11/2016-ലെ സർക്കാർ ഉത്തരവ് (സാധാ) 957/16/ കൃഷി -പ്രകാരം ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. |
| (എഫ്) | ഈ രണ്ട് ഫയലുകളുടെയും ഇപ്പോഴത്തെ അവസ്ഥയും കൃഷി വകുപ്പ് സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**